# പതിമൂന്നാം കേരളനിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 244** — **08.02.2016-ൽ മറുപടിക്ക്**

## നെടുമ്പാശ്ശേരി വിമാനത്താവളം പോലീസ് സ്റ്റേഷനിൽ സമർപ്പിച്ച പരാതി

| ചോദ്യം<br>ശ്രീ.സാജു പോൾ | മറുപടി<br>ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
|---|---|
| (എ) കേരളത്തിൽ നിന്നും വിദേശത്തേക്ക് സ്ത്രീകളെ ജോലിക്കായി കൊണ്ടുപോയി പീഡിപ്പിക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) പെരുമ്പാവൂർ നിയോജക മണ്ഡലത്തിലെ വെങ്ങോല പഞ്ചായത്തിൽ മഠത്തിപ്പടി ഭാഗത്ത് പാറയ്ക്കാട്ടുകുടി വീട്ടിൽ ബാബു ഭാര്യ ഓമന എന്നയാളെ ബഹ്റിനിൽ വച്ച് ഭീകരമായി ഉപദ്രവിച്ചത് സംബന്ധിച്ച് നെടുമ്പാശ്ശേരി വിമാനത്താവളം പോലീസ് സ്റ്റേഷനിൽ സമർപ്പിച്ച പരാതിയിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) ഇതു സംബന്ധിച്ച് ലഭിച്ച പരാതിയിൽ നെടുമ്പാശ്ശേരി പോലീസ് സ്റ്റേഷനിൽ ക്രൈം നം. 103/16 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. |
| (സി) പ്രതികൾ നാട്ടിൽ എത്തിയശേഷം വിദേശത്തേക്ക് കടന്ന് പോകാനുണ്ടായ കാരണം വ്യക്തമാക്കാമോ;<br>(ഡി) പ്രതികളെ നാട്ടിൽ കൊണ്ടുവന്ന് നിയമ നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ? | (സി) & (ഡി) ആവലാതിക്കാരിയുടെ മൊഴിയുടെ അടിസ്ഥാനത്തിൽ മേൽ നമ്പറായി കേസ് രജിസ്റ്റർ ചെയ്തത് 19.01.2016 തീയതിയാണ്. പ്രതികളിൽ ഒരാളായ രഞ്ജു മത്തായി 18.01.2016 തീയതിയും രണ്ടാമത്തെയാൾ സനു പീറ്റർ 20.01.2016 തീയതിയും വിദേശത്തേക്ക് തിരിച്ച് പോയിട്ടുള്ളതായി അന്വേഷണത്തിൽ വെളിവായിട്ടുണ്ട്. ടിയാന്മാരെ തിരികെ കൊണ്ടുവന്ന് അറസ്റ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

(signature)

**സെക്ഷൻ ഓഫീസർ**